ഉത്തരം

(എ) 15-10-2000-ൽ

(ബി) ഉണ്ട്. വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം 170/2000/ യു/സി 'മാൻ മിസ്സിംഗ്' ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കടലിൽ വീണ് കാണാതായ പ്രശാന്തിനെ കണ്ടുപിടിക്കുന്നതിന് ഉടനടി സ്ഥലത്തെ നീന്തൽ അറിയാവുന്ന ആൾക്കാരും കോവളത്തെ ലൈഫ് ഗാർഡുകളും മത്സ്യത്തൊഴിലാളികൾ വള്ളങ്ങളിലും 'കാവേരി' എന്ന പോലീസ് ബോട്ടിലുമായി തിരച്ചിൽ നടത്തുകയും തുടർന്ന് കൊച്ചിയിൽനിന്ന് നേവിയിലെ മുങ്ങൽ വിദഗ്ദ്ധർ തിരച്ചിൽ നടത്തുകയും ചെയ്തിട്ടുണ്ട്.

പോലീസുകാർ പ്രതികളായിട്ടുള്ള കേസുകൾ

130 (131) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പോലീസുകാർ പ്രതികളായിട്ടുള്ള എത്ര കേസുകൾ ഉണ്ടായിട്ടുണ്ട് ;

(ബി) അതിൽ കൊലപാതക കേസുകൾ, മർദ്ദന കേസുകൾ, കബളിപ്പിക്കൽ കേസുകൾ, പിടിച്ചുപറി കേസുകൾ, ബലാൽസംഗകേസുകൾ എന്നിവ എത്ര വീതം ഉണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) 813 കേസുകൾ.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പോലീസ് ഉദ്യോഗസ്ഥന്മാരുടെ സസ്പെൻഷൻ

131 (132) ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസു ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്രപേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട് ;

(സി) ഇതിൽ എത്ര പേരെ ചാർജ്ജ്ഷീറ്റ് നൽകുന്നതിനുമുമ്പ് തന്നെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട് ;

(ഡി) സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ ബാക്കിയുള്ളവർക്ക് എതിരെ നടപടി ത്വരിതപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2401 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) 2017 പേരെ.

(സി) 134 പേരെ.

(ഡി) നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

വീട്ടമ്മയേയും മകളേയും മാനഭംഗപ്പെടുത്തിയെന്ന പരാതി

132 (133) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലാച്ചിക്കടുത്ത് തെരുവൻ പറമ്പിൽ 2001 ജനുവരി 15-ാം തീയതി രാത്രി മൂന്ന് മക്കളുടെ മാതാവായ വീട്ടമ്മയും ഏഴ് വയസ്സുകാരി മകളും മാനഭംഗത്തിനിരയായതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വീട്ടമ്മ അവരേയും മകളേയും മാനഭംഗം ചെയ്തവരുടെ പേരുകൾ തെളിവെടുപ്പിനെത്തിയ ഉത്തരമേഖലാ ഡി.ഐ.ജി. യോട് പറയുകയുണ്ടായോ ; എങ്കിൽ ആരുടെയെല്ലാം പേരുകളാണ് പറഞ്ഞത് ;

(സി) ഈ പേരുകാർ ഏത് രാഷ്ട്രീയ കക്ഷികളുടെ അംഗങ്ങളോ അനുഭാവികളോ ആണ് ;

(ഡി) അവരെ അറസ്റ്റ് ചെയ്തുവോ ; ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ-ഡി) നാദാപുരം മേഖലയിലുണ്ടായ അക്രമ സംഭവങ്ങളോടൊപ്പം സ്ത്രീകൾക്കുനേരെ അക്രമം നടന്നതു സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു. ഇത്തോടർന്ന് 2 കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിൽ പ്രതികളായ 5 പേരെ ഇതിനകം പോലീസ് അറസ്റ്റു ചെയ്തിട്ടുണ്ട്. കേസന്വേഷണം നടന്നുവരുന്നു.

നാദാപുരം നിയോജകമണ്ഡലത്തിലെ അക്രമസംഭവങ്ങൾ

133 (134) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജകമണ്ഡലത്തിന്റെ പലഭാഗങ്ങളിലും 2001 ജനുവരിയിൽ ഉണ്ടായ അക്രമ സംഭവങ്ങൾക്ക് പിന്നിൽ ഏതെങ്കിലും തീവ്രവാദികളോ തീവ്രവാദി സംഘടനകളോ ഉണ്ടായിരുന്നുവോ ;

(ബി) ഉണ്ടായിരുന്നുവെങ്കിൽ ഏതെല്ലാം തീവ്രവാദികളോ തീവ്രവാദി സംഘടനകളോ ആണെന്ന് പറയുമോ ;

(സി) ഈ തീവ്രവാദികളോ തീവ്രവാദി സംഘടനകളോ എന്തെല്ലാം വിധത്തിലുള്ള അക്രമപ്രവർത്തനങ്ങളാണ് അവിടെ നടത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly